I/95915/2023

വനിത ശിശുവികസന വകുപ്പ്

വിൻഡോ നം. ഐപിആർഡി/................

വനിത ശിശു വികസന ഡയറക്ടർ
വനിത ശിശു വികസന ഡയറക്ടറേറ്റ്
പൂജപ്പുര, തിരുവനന്തപുരം.

23.02.2021 തീയതി മുതൽ അനധികൃതാവധിയിൽ തുടരുന്ന കൊച്ചി അർബൻ 1 ഐസിഡിഎസ് സൂപ്പർവൈസർ ശ്രീമതി ബിഷാര എൻ ബി ക്കെതിരെയുള്ള വകുപ്പുതല അച്ചടക്ക നടപടി.

ദിനപത്രത്തിൽ പരസ്യപ്പെടുത്തുന്ന ദിവസം മുതൽ 15 ദിവസത്തിനുള്ളിൽ കുറ്റപത്രത്തിനുള്ള പ്രതിവാദപത്രികയോ / വിശദീകരണമോ വനിത ശിശു വികസന ഡയറക്ടർക്കു ലഭ്യമാക്കേണ്ടതാണ്.

വിശദവിവരങ്ങൾക്ക് ബന്ധപ്പെട്ട സർക്കാർ വെബ്സൈറ്റായ

www.kerala.gov.in സന്ദർശിക്കുക.

Signed by Priyanka G
Date: 16-05-2023 18:15:56

Reg with AD

ഫയൽ നം.ഇ5/5908/2021

വനിത ശിശു വികസന ഡയറക്ടറേറ്റ്,
പൂജപ്പുര, തിരുവനന്തപുരം.
തീയതി : 05/08/2021
ഫോൺ : 0471-2346508
ഇ-മെയിൽ : directotate.wcd@kerala.gov.in

## കുറ്റപത്രം

കൊച്ചി അർബൻ 1 ICDS ലെ സൂപ്പർവൈസറായ ശ്രീമതി ബിഷാറ.എൻ.ബി യ്ക്കെതിരായ കുറ്റപത്രം.

1. ശ്രീമതി ബിഷാറ.എൻ.ബി എന്ന താങ്കൾ ചുവടെ പറയുന്ന കുറ്റം ചെയ്തിരിക്കുന്നു.

കൊച്ചി അർബൻ ഐ സി ഡി എസിൽ സൂപ്പർവൈസർ തസ്തികയിൽ സേവനമനുഷ്ഠിച്ചു വരവെ വിദേശത്ത് ജോലിയുള്ള ഭർത്താവിനോടൊപ്പം കഴിയുന്നതിനായി കെ എസ് ആർ ഭാഗം-1, അനുബന്ധം 12 C യിലെ നിബന്ധനകൾക്ക് വിധേയമായി 23.2.2006 മുതൽ 22.2.2011 വരെ താങ്കൾക്ക് ശൂന്യവേതനാവധി അനുവദിച്ചു നൽകിയിരുന്നു. ഇതിനെ തുടർന്ന് 23.2.2011 മുതൽ 22.2.2016 വരേയും, 23.2.2016 മുതൽ 22.2.2021 വരേയും താങ്കൾക്ക് അവധി ദീർഘിപ്പിച്ചു നൽകിയിട്ടുള്ളതാണ്. 23.2.2021 മുതൽ വീണ്ടും 5 വർഷത്തേക്കു കൂടി അവധി ദീർഘിപ്പിച്ചു നൽകണമെന്ന് ആവശ്യപ്പെട്ട് താങ്കൾ അപേക്ഷ സമർപ്പിച്ചിരുന്നു. എന്നാൽ സ ഉ (അ) നം. 152/2020/ധന തീയതി 15.11.2020 സർക്കാർ ഉത്തരവിലേയും, 30.12.2020 ലെ 83/2020/ധന നം. സർക്കുലറിലേയും നിർദ്ദേശങ്ങളുടേയും അടിസ്ഥാനത്തിൽ താങ്കൾക്ക് 23.2.2021 മുതൽ 5 വർഷത്തേക്കു കൂടി അവധി ദീർഘിപ്പിച്ചു നൽകുവാൻ കഴിയില്ല എന്നും അവധി കാലയളവ് അവസാനിക്കുന്ന മുറക്ക് തിരികെ സർവ്വീസിൽ പ്രവേശിക്കണമെന്നും നിയമനാധികാരി താങ്കളോട് നിർദ്ദേശിച്ചിരുന്നു. എന്നാൽ ഈ നിർദ്ദേശം താങ്കൾ പാലിക്കുകയുണ്ടായില്ല. 23.2.2021 മുതൽ അനധികൃതമായി അവധിയിൽ തുടരുന്ന താങ്കൾ 7 ദിവസത്തിനകം തിരികെ ജോലിയിൽ പ്രവേശിച്ച് അച്ചടക്ക നടപടി നേരിടുവാൻ തയ്യാറാകണമെന്ന് അറിയിച്ചുകൊണ്ട് നിയമനാധികാരി ഒരു നോട്ടീസ് നൽകുകയുണ്ടായി. എന്നാൽ പ്രസ്തുത നോട്ടീസ് താങ്കൾ കൈപ്പറ്റാതെ തിരികെ ലഭിക്കുകയുണ്ടായി. 23.2.2021 മുതൽ അനധികൃതമായി അവധിയിൽ തുടരുകയും നിയമനാധികാരിയുടെ നിർദ്ദേശങ്ങൾ പാലിക്കാതിരിക്കുകയും ചെയ്യുക വഴി താങ്കൾ ഗുരുതരമായ കൃത്യവിലോപവും അച്ചടക്ക ലംഘനവും നടത്തിയിരിക്കുന്നു.

2. താങ്കൾക്കെതിരെ 1960 ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിയ്ക്കലും, നിയന്ത്രണവും, അപ്പീലും) ചട്ടം, 1960 ലെ കേരള സർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ടം എന്നിവ പ്രകാരമുള്ള ശിക്ഷാനടപടികൾ സ്വീകരിയ്ക്കാതിരിയ്ക്കുവാൻ എന്തെങ്കിലും കാരണമുണ്ടെങ്കിൽ ആയത് ബോധിപ്പിയ്ക്കുവാൻ താങ്കളോട് ആവശ്യപ്പെടുന്നു. താങ്കൾക്ക് പ്രതിവാദപത്രിക സമർപ്പിയ്ക്കുന്നതിന് ഈ വിവരം ലഭിച്ച തിയതി മുതൽ 15 ദിവസം അനുവദിയ്ക്കുന്നു. നിശ്ചിത സമയപരിധിയ്ക്കുള്ളിൽ മറുപടി ലഭ്യമാകാത്ത പക്ഷം ഇക്കാര്യത്തിൽ താങ്കൾക്കൊന്നും ബോധിപ്പിയ്ക്കുവാനില്ല എന്ന നിഗമനത്തിൽ നടപടികൾ തുടരുന്നതാണ്. താങ്കളെ നേരിട്ട് കേൾക്കുവാൻ ആഗ്രഹിയ്ക്കുന്നുവോ എന്ന് കൂടി അറിയിക്കുവാൻ നിർദ്ദേശിയ്ക്കുന്നു. ആരോപണങ്ങളെ സംബന്ധിച്ച സ്റ്റേറ്റ്മെന്റിൽ പറഞ്ഞിട്ടുള്ള പ്രസക്ത റിക്കോർഡുകൾ നോക്കാവുന്നതും അപ്രകാരം ആഗ്രഹിയ്ക്കുന്നുവെങ്കിൽ താങ്കളുടെ അപേക്ഷയിൻമേൽ മുൻകൂട്ടി നിശ്ചയിച്ച ഏതെങ്കിലും ദിവസം പ്രതിവാദത്തിനുള്ള താങ്കളുടെ പത്രിക സമർപ്പിയ്ക്കേണ്ട അവസാന തിയതിയ്ക്ക് മുൻപുള്ള നിശ്ചയിക്കപ്പെടുന്ന ദിവസം ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ അവയിൽ നിന്നും ഉദ്ധാരണങ്ങൾ എഴുതിയെടുക്കാവുന്നതുമാണ്.

3. കുറ്റാരോപണങ്ങൾക്ക് ആധാരമായ പത്രിക അന്യത്ര ചേർത്തിരിക്കുന്നു.

വനിതാ ശിശു വികസന ഡയറക്ടർ

## കുറ്റാരോപണ പത്രിക

കൊച്ചി അർബൻ 1 ഐ സി ഡി എസിൽ സൂപ്പർവൈസർ തസ്തികയിൽ സേവനമനുഷ്ഠിച്ച വരവെ ശ്രീമതി ബിഷാറ.എൻ.ബി യ്ക്ക് വിദേശത്ത് ജോലിയുള്ള ഭർത്താവിനോടൊപ്പം കഴിയുന്നതിനായി കെ എസ് ആർ ഭാഗം-1, അനുബന്ധം 12 C യിലെ നിബന്ധനകൾക്ക് വിധേയമായി 23.2.2006 മുതൽ 22.2.2011 വരെയും തുടർന്ന് 23.2.2011 മുതൽ 22.2.2016 വരേയും, 23.2.2016 മുതൽ 22.2.2021 വരേയും ശൂന്യവേതനാവധി അനുവദിച്ച് നൽകിയിരുന്നു. 23.2.2021 മുതൽ വീണ്ടും 5 വർഷത്തേക്കു കൂടി അവധി ദീർഘിപ്പിച്ച നൽകണമെന്ന് ആവശ്യപ്പെട്ട് ടിയാൾ അപേക്ഷ സമർപ്പിച്ചിരുന്നുവെങ്കിലും സ ഉ (അ) നം. 152/2020/ധന തീയതി 15.11.2020 സർക്കാർ ഉത്തരവിലേയും, 30.12.2020 ലെ 83/2020/ധന നം. സർക്കുലറിലേയും നിർദ്ദേശങ്ങളുടേയും അടിസ്ഥാനത്തിൽ ടിയാൾക്ക് അവധി ദീർഘിപ്പിച്ച നൽകുവാൻ കഴിയില്ല എന്നും അവധി കാലയളവ് അവസാനിക്കുന്ന മുറക്ക് തിരികെ സർവ്വീസിൽ പ്രവേശിക്കണമെന്നും നിയമനാധികാരി ടിയാളോട് നിർദ്ദേശിച്ചിരുന്നു. എന്നാൽ ഈ നിർദ്ദേശം ടിയാൾ പാലിക്കുകയുണ്ടായില്ല. 23.2.2021 മുതൽ അനധികൃതമായി അവധിയിൽ തുടരുന്ന ടിയാൾ 7 ദിവസത്തിനകം തിരികെ ജോലിയിൽ പ്രവേശിച്ച് അച്ചടക്ക നടപടി നേരിടുവാൻ തയ്യാറാകണമെന്ന് അറിയിച്ചുകൊണ്ട് നിയമനാധികാരി ഒരു നോട്ടീസ് നൽകുകയുണ്ടായി. എന്നാൽ പ്രസ്തുത നോട്ടീസ് ടിയാൾ കൈപ്പറ്റാതെ തിരികെ ലഭിക്കുകയുണ്ടായി. 23.2.2021 മുതൽ അനധികൃതമായി അവധിയിൽ തുടരുകയും നിയമനാധികാരിയുടെ നിർദ്ദേശങ്ങൾ പാലിക്കാതിരിക്കുകയും ചെയ്യുക വഴി ടിയാൾ ഗുരുതരമായ കൃത്യവിലോപവും അച്ചടക്ക ലംഘനവും നടത്തിയിരിക്കുന്നു. ശ്രീമതി ബിഷാറ.എൻ.ബി യുടെ ഭാഗത്തു നിന്നുള്ള മേൽ പറഞ്ഞ പ്രവർത്തികൾ ഗുരുതരമായ കൃത്യവിലോപവും അച്ചടക്ക ലംഘനവുമായി കണ്ട് ഇപ്രകാരം കുറ്റപത്രം നൽകുന്നു.

## കുറ്റപത്രത്തിനാധാരമായ രേഖകൾ

- വനിത ശിശു വികസന ഡയറക്ടറുടെ 10/03/2021 ലെ ഇ5/5908/2021 നം നോട്ടീസ്.
- വനിത ശിശു വികസന ഡയറക്ടറുടെ 23/01/2021 ലെ ഇ3(1)/3032/2021 നം കത്ത്.

വനിതാ ശിശു വികസന ഡയറക്ടർ

ശ്രീമതി ബിഷാറ.എൻ.ബി,
സൂപ്പർവൈസർ,
ഐ സി ഡി എസ്
കൊച്ചി അർബൻ 1.
(കാര്യാലയ മേധാവി മുഖാന്തിരം)

രണ്ട് പകർപ്പുകൾ രജി. വിത്ത് എ ഡി ആയി അയക്കുന്നു. ഒരു പകർപ്പിൽ താങ്കളുടെ തീയതിയോട് കൂടിയ ഒപ്പ് രേഖപ്പെടുത്തി മടക്കി അയക്കേണ്ടതാണ്.

"ഭരണഭാഷ-മാതൃഭാഷ"

WCD-E5/5908/2021

വനിത ശിശു വികസന ഡയറക്ടറേറ്റ്,
പൂജപ്പുര, തിരുവനന്തപുരം.
തീയതി: 01.06.2022
Phone: 0471-2346508
Fax: 0471-2346534
ഇ-മെയിൽ:directotare.wcd@kerala.gov.in

നോട്ടീസ്

(അനുബന്ധം- എച്ച് 4)

ശ്രീമതി.ബിഷാര.എൻ.ബി, ഐസിഡിഎസ്സ് സൂപ്പർവൈസർ, ഐസിഡിഎസ്സ് കൊച്ചി അർബൻ 1 എന്നയാളെ അറിയിക്കുന്നതെന്തെന്നാൽ 1960 ലെ കേരള സിവിൽ സർവ്വീസുകൾ (തരംതിരിക്കലും, നിയന്ത്രണവും അപ്പീലും) ചട്ടങ്ങൾ വിഭാവനം ചെയ്യുന്ന പ്രകാരമുള്ള ശിക്ഷണനടപടി നിങ്ങൾക്കെതിരെ എടുക്കാതിരിക്കുവാൻ കാരണം കാണിക്കുന്ന നിങ്ങളുടെ പ്രതിവാദ പത്രികയോ വിശദീകരണമോ സമർപ്പിക്കുവാൻ നിങ്ങളോട് നിർദ്ദേശിച്ചുകൊണ്ടുള്ള കുറ്റാരോപണങ്ങളുടെ സ്റ്റേറ്റ്മെന്റ് സഹിതമുള്ള ചാർജ്ജ് മെമ്മോ/ കുറ്റപത്രം/കാരണം കാണിക്കൽ നോട്ടീസ് 05.08.2021 തീയതിയിലെ ഇ5/5908/2021 നമ്പർ പ്രകാരം 24.08.2021, 26.10.2021 തീയതികളിൽ ഏറ്റവും ഒടുവിൽ അറിയാവുന്ന നിങ്ങളുടെ മേൽവിലാസത്തിൽ അയച്ചിരുന്നു. എന്നാൽ ആ ചാർജ്ജ് മെമ്മോ/കാരണം കാണിക്കൽ നോട്ടീസ് വിതരണം ചെയ്യപ്പെടാതെ UNCLAIMED എന്ന പുറത്തെഴുത്തു സഹിതം പോസ്റ്റൽ അധികാരികൾ വകുപ്പിലേയ്ക്ക് മടക്കി. അതിനാൽ, ഈ നോട്ടീസ് പരസ്യപ്പെടുത്തുന്ന ദിവസം മുതൽ 15 ദിവസത്തിനുള്ളിൽ നിങ്ങൾക്കെതിരെ തയ്യാറാക്കിയ കുറ്റപത്രത്തിന് നിങ്ങളുടെ ലിഖിതമായ പ്രതിവാദ പത്രികയോ മറ്റു വിശദീകരണമോ ലഭിക്കാത്ത പക്ഷം നിങ്ങൾക്ക് യാതൊരു പ്രതിവാദവും ബോധിപ്പിക്കുവാനില്ല എന്ന് അനുമാനിക്കുന്നതും അതിനനുസൃതമായി തുടർന്നുള്ള

നടപടികൾ എടുക്കുന്നതുമാണ്, കുറ്റാരോപണങ്ങളുടെ സ്റ്റേറ്റ്മെന്റ് സഹിതമുള്ള കുറ്റാരോപണത്തിന്റെ/ കാരണം കാണിക്കൽ നോട്ടീസിന്റെ പൂർണ്ണരൂപം നിശ്ചിതകാലാവധിക്കു മുമ്പ് വനിത ശിശു വികസന ഡയറക്ടർ, പൂജപ്പുര, തിരുവനന്തപുരം -ൽ നിന്നും ഓഫീസ് പ്രവർത്തി സമയങ്ങളിലോ അല്ലെങ്കിൽ അത് അയയ്ക്കേണ്ടതായ നിങ്ങളുടെ മേൽവിലാസം നൽകിക്കൊണ്ട് നിങ്ങൾ നൽകുന്ന അപേക്ഷയിന്മേലോ നിങ്ങൾക്കു വാങ്ങാവുന്നതാണ്. കൂടാതെ ഈ കാര്യാലയത്തിൽ നിന്നും താങ്കൾക്ക് നൽകിയിരുന്ന നോട്ടീസ്, കുറ്റപത്രം എന്നിവ വകുപ്പിന്റെ വെബ്സൈറ്റായ wcd.kerala.gov.in ൽ പ്രസിദ്ധീകരിച്ചിട്ടുമുണ്ട് എന്നറിയിക്കുന്നു.

വനിത ശിശു വികസന ഡയറക്ടർ

ശ്രീമതി.ബിഷാര.എൻ.ബി,
സൂപ്പർവൈസർ,
ശിശുവികസന പദ്ധതി ഓഫീസ്
കൊച്ചി അർബൻ – 1